പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.556 — 11.12.2012 ൽ മറുപടിയ്ക്ക്

ഇ-വേസ്റ്റുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-വേസ്റ്റുകൾ വർദ്ധിക്കുന്നതും അവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലിയിലെ പുരോഗതിയും ആധുനികവത്ക്കരണവും കാരണം ഇലക്ട്രോണിക്/ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾ ഗാർഹിക മേഖല ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ കൂടുതലായി ഉപയോഗിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ കമ്പ്യൂട്ടർവത്ക്കരിച്ചു വരുന്നു. ഇത്തരത്തിൽ ഇ-ഉൽപ്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ ഇ-മാലിന്യങ്ങളും വർദ്ധിച്ചു വരുന്നുണ്ട്. |
| (ബി) ഇവ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) കേന്ദ്ര സർക്കാർ 2011- ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്‌ലിംഗ്) ചട്ടങ്ങൾ 2012 മെയ് മാസം മുതൽ പ്രാബല്യത്തിൽ വന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതുവഴി ഇ-വേസ്റ്റ് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഒഴിവാക്കുന്നതിന് ഒരു പരിധി വരെ സാധിക്കും. ഇ-വേസ്റ്റ് ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഈ വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle) റീസൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെക്കൊണ്ട് ഇ-വേസ്റ്റ് ചട്ടപ്രകാരമുള്ള അനുമതി എടുപ്പിക്കുന്നതിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു |

വരുന്നു. ഉൽപ്പാദനഘട്ടത്തിൽ ഉണ്ടാകുന്ന ഇ-വേസ്റ്റും 'എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ' പ്രകാരം ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും നേരിട്ടോ അംഗീകൃത കളക്ഷൻ സെന്ററുകൾ വഴിയോ സുരക്ഷിതമായി പുന:ചംക്രമണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഉൽപ്പാദകർക്കാണ്.

വീടുകളിലും സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവ നിർമ്മാർജ്ജനം ചെയ്യുവാൻ മതിയായ ഇ-വേസ്റ്റ് ശേഖരണ സംവിധാനവും കളക്ഷൻ സെന്ററുകളും എല്ലാ നഗരസഭകളിലും സംവിധാനം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഓർഫൻ ഉല്പന്നങ്ങളിൽ (ഇ-വേസ്റ്റ് റൂൾസിന്റെ ഷെഡ്യൂൾ-1ൽ പറഞ്ഞിരിക്കുന്ന ഉല്പന്നങ്ങളിൽ ബ്രാൻഡഡ് അല്ലാത്തവയോ, അസംബിൾ ചെയ്യാതോ ആയ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ) നിന്നുണ്ടാകുന്ന ഇ-വേസ്റ്റ് ശേഖരിച്ച് ഡിസ്മാന്റ്ലർക്കോ, റീസൈക്ലർക്കോ ഏല്പിക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി കളക്ഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നല്കിയിട്ടുണ്ട്. ഇലക്ട്രോണിക്/ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും ഉല്പാദിപ്പിക്കുന്നവർ മുഖേന തന്നെ അതിലൂടെ ഉണ്ടാകുന്ന ഇ-വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യിക്കുന്നതിനായി ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇത്തരം വൻകിട ഉല്പാദകർ നിലവിലില്ലെങ്കിലും റീട്ടെയിലർ ഷോപ്പുകൾ വഴി ഇ-വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുമെന്ന് ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇ-വേസ്റ്റുകൾ വരുത്തുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടു

(സി) ഏർപ്പെടുത്തിയിട്ടില്ല. ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ കൈക്കലാക്കേണ്ടത് ഇ-വേസ്റ്റ് ഡിസ്മാന്റിലേഴ്സും റീസൈ

| | | |
|---|---|---|
| | ത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ക്ലേഴ്സും ആണ്. ഇവർക്ക് ബോർഡിന്റെ ആതറൈസേഷനും ആവശ്യമാണ്. എന്നാൽ ഇ-ഉൽപ്പന്നങ്ങളുടെ ഉല്പാദകരും ഇ-മാലിന്യം ശേഖരിക്കുന്നവരും, കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നവരും ബോർഡിന്റെ ആതറൈസേഷൻ പരിധിയിൽ വരും. കൂടാതെ ഇ-വേസ്റ്റ് ഉല്പാദിപ്പിക്കുന്ന ഇ-ഉല്പന്നങ്ങളുടെ ബൾക്ക് കൺസ്യൂമേഴ്സ് അവരുടെ പക്കൽ വരുന്ന ഇ-വേസ്റ്റിന്റെ എല്ലാ വർഷത്തെയും വിവരങ്ങൾ ബോർഡിൽ നൽകേണ്ടതാണ്. |
| ഡി) | ഇവ കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (ഡി) ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം ആതറൈസേഷൻ, രജിസ്ട്രേഷൻ എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുന്നതിനും എല്ലാ നഗര പ്രദേശങ്ങളിലും ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ നഗരസഭകളെയും അവിടെ ശേഖരിക്കുന്ന ഇലക്ട്രോണിക് മാലിന്യം അവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കേന്ദ്രീകൃത സംവിധാനങ്ങളിലേക്ക് (സംസ്ഥാനത്തിനു പുറത്ത്) കൊണ്ടു പോകുന്നതിന് അംഗീകൃത ഏജൻസികളെയും ചുമതലപ്പെടുത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉന്നതതല ചർച്ച നടത്തി തീരുമാനമെടുത്തു കഴിഞ്ഞാലുടൻ, ചട്ടപ്രകാരമുള്ള ശേഖരണ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ